# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഏപ്രിൽ 21

# വാർത്താക്കുറിപ്പ്

## പി.ജി. പ്രവേശന പരീക്ഷകൾ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലേയും ഇന്റർ സ്കൂൾ സെന്ററിലേയും പി.ജി. പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി ഏപ്രിൽ 25, 26 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന പ്രവേശന പരീക്ഷ കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മാറ്റിവച്ചു. ഓൺലൈൻ രജിസ്ട്രേഷന്റെ അവസാന തീയതിയടക്കമുള്ള പുതുക്കിയ സമയക്രമം cat.mgu.ac.in, admission.mgu.ac.in (എം.ബി.എ. സംബന്ധിച്ച്) എന്നീ വെബ്സൈറ്റിലൂടെയും സർവകലാശാല വാർത്താക്കുറിപ്പിലൂടെയും അറിയിക്കും. വിശദവിവരത്തിന് ഫോൺ: 0481-2733595.

(പി.ആർ.ഒ/39/463/2020)

## ഉത്തരക്കടലാസ് മൂല്യനിർണയം

കോട്ടയം, ഇടുക്കി (ഗ്രീൻ സോൺ) ജില്ലകളിലെ മൂല്യനിർണയ ക്യാമ്പുകളിൽ നിന്നും ഉത്തരക്കടലാസുകൾ കൈപ്പറ്റിയ അധ്യാപകർ മൂല്യനിർണയം പൂർത്തിയാക്കി ഏപ്രിൽ 24നകം അതത് മൂല്യനിർണയ ക്യാമ്പുകളിൽ ഏൽപ്പിക്കണം. ബന്ധപ്പെട്ട ഡെപ്യൂട്ടി ചെയർമാന്മാരുടെ നിർദ്ദേശാനുസരണം മൂല്യനിർണയം നടത്തേണ്ട ഉത്തരക്കടലാസുകൾ ക്യാമ്പിൽ നിന്നും സ്വീകരിക്കണം. യാത്രയിലും ക്യാമ്പിലും കോവിഡ് നിയന്ത്രണ നിബന്ധനകൾ പാലിക്കണം. വിശദവിവരത്തിന് ഫോൺ: 9495162515 (കോട്ടയം), 8547859195 (പാലാ), 9447364493 (ചങ്ങനാശ്ശേരി), 7025154050 (കട്ടപ്പന). മറ്റ് ക്യാമ്പുകളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ പിന്നീട് അറിയിക്കും.

(പി.ആർ.ഒ/39/464/2020)

## എം.ജി.യിൽ 597പേർ ഹാജരായി

ലോക്ഡൗൺ ഇളവിനെത്തുടർന്ന് പ്രവർത്തനം പുനരാരംഭിച്ച മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഇന്നലെ (ഏപ്രിൽ 21) 597പേർ ഹാജരായി. എ, ബി ഗ്രൂപ്പിൽ 228 ഉദ്യോഗസ്ഥരും സി, ഡി ഗ്രൂപ്പിൽ 369 ഉദ്യോഗസ്ഥരും ഹാജരായി. നാല് ഗ്രൂപ്പുകളിലുമായി മൊത്തം 1286 ഉദ്യോഗസ്ഥരാണുള്ളത്. ജില്ലയിൽ സ്വന്തമായി വാഹനമില്ലാത്ത ഉദ്യോഗസ്ഥർക്കായി പ്രത്യേക ഗതാഗത സൗകര്യം സർവകലാശാല ഒരുക്കിയിട്ടുണ്ട്. വിവിധ ഭാഗങ്ങളിലേക്ക് സർവകലാശാല മൂന്ന് ബസ് സർവീസാണ് നടത്തുന്നത്. സാമൂഹിക അകലം പാലിച്ചും സുരക്ഷ മുൻകരുതലുകൾ സ്വീകരിച്ചുമാണ് സർവീസ് നടത്തുന്നത്. ബ്രേക്ക് ദി ചെയിൻ കാമ്പയിന്റെ ഭാഗമായി സർവകലാശാലയുടെ വിവിധ ഭാഗങ്ങളിൽ കൈകൾ അണുവിമുക്തമാക്കുന്നതിന് പ്രത്യേക കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. സന്ദർശകർക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(പി.ആർ.ഒ/39/465/2020)

## പരീക്ഷഫലം

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. (റഗുലർ) എം.എസ്‌സി. അപ്ലൈഡ് ഇലക്ട്രോണിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് ആറുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/466/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ